I ഇ.ബി. XV -  കേരള നിയമസഭ/V-8

# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

# നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ജൂലൈ 12, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണം

മി. സ്പീക്കർ: 2022-23 ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുക വെട്ടിക്കുറച്ചതും സാമ്പത്തികവർഷം ആരംഭിച്ച് മൂന്ന് മാസം പിന്നിട്ടിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

അന്തിമ വാർഷിക പദ്ധതി രൂപീകരിക്കാത്തതുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ നജീബ് കാന്തപുരം, അൻവർ സാദത്ത്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): 14-ാം പഞ്ചവത്സര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖകൾ തയ്യാറാക്കേണ്ടി വന്നതിനാലാണ് പൂർണ്ണ വാർഷിക പദ്ധതി ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത്. പദ്ധതിരേഖ പുറപ്പെടുവിച്ചശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സബ്സിഡി/അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സർക്കാർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പദ്ധതി രൂപീകരണ പ്രക്രിയ പൂർത്തീകരിച്ച് ആയത് ഡി.പി.സി.-യുടെ അംഗീകാരത്തിനായി സമർപ്പിച്ചുവരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പദ്ധതികളും സ്പിൽഓവർ പ്രോജക്ടുകളും കേന്ദ്ര ധനകാര്യ കമ്മീഷന്റെ ഗ്രാന്റുപയോഗിച്ച് ഈ വർഷം നടത്തേണ്ട

നിർവ്വഹണ പ്രക്രിയയും ആരംഭിച്ചിട്ടുണ്ട്. ഈ വർഷത്തെ റോഡ്/റോഡിതര മെയിന്റനൻസ് ഫണ്ടുകൾ അനുവദിച്ചതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ച സാഹചര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിന് മുൻവർഷത്തെ മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പുവർഷം വിഹിതം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻവർഷങ്ങളേക്കാൾ കൂടുതൽ തുക വകയിരുത്തി മെയിന്റനൻസ്/വികസന ഫണ്ടുകൾ വർദ്ധിപ്പിച്ച് കൂടുതൽ അധികാരങ്ങൾ നൽകി ശാക്തീകരിച്ചിട്ടുണ്ട്.

<u>ശ്രീ. നജീബ് കാന്തപുരം</u>: ഭരണപ്രതിസന്ധി നേരിടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം വെട്ടിക്കുറച്ച നടപടി പ്രതിഷേധാർഹമാണ്. സംസ്ഥാന ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകുന്ന തുകയ്ക്കനുസൃതമായാണ് പദ്ധതി തയ്യാറാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക സർക്കാർ ഉത്തരവുകൾപ്രകാരം തിരിച്ചുപിടിച്ചത് പ്രസ്തുത സ്ഥാപനങ്ങളെ പൂർണ്ണസ്തംഭനാവസ്ഥയിലെത്തിച്ചിരിക്കുകയാണ്. നടപ്പു സാമ്പത്തിക വർഷം നാളിതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അന്തിമ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയിട്ടില്ല. നിലവിൽ പദ്ധതി അംഗീകാരം വൈകിയതിനാൽ ടി പ്രവർത്തനങ്ങൾക്ക് 12

മാസകാലാവധി ലഭിക്കണം. നടപ്പുവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി അനുവദിച്ച തുക പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചില്ലെങ്കിൽ അടുത്ത വർഷം കൂടുതൽ തുക വെട്ടിക്കുറയ്ക്കാൻ സർക്കാർ നിർബന്ധിതമാകും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് കേരളത്തിൽ ജനകീയാസൂത്രണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയത്. ഫണ്ട് വെട്ടിക്കുറച്ചിരിക്കുന്നുവെന്നുള്ള ആക്ഷേപം അടിസ്ഥാനരഹിതമാണ്. മലപ്പുറം, എറണാകുളം, തിരുവനന്തപുരം ജില്ലാ പഞ്ചായത്തുകളുൾപ്പെടെ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഈ വർഷം റോഡ് മെയിന്റനൻസ് തുക കുറഞ്ഞ സാഹചര്യത്തിലാണ് തുക വിഭജിച്ച് നൽകിയത് പുന:പരിശോധിക്കാൻ സർക്കാർ തീരുമാനിച്ചത്. ഇപ്രകാരം പുന:ക്രമീകരിക്കുമ്പോൾ ബഡ്ജറ്റിലെ മൊത്തം വിഹിതത്തിൽ യാതൊരു കുറവുംവരാതെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മെയിന്റനൻസ് ഗ്രാന്റിൽ കഴിഞ്ഞ വർഷം അനുവദിച്ച തുക പൂർണ്ണമായും ലഭിക്കും. വികസന ഫണ്ടിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

2021-22-ൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക 2022-23-ൽ അനുവദിച്ചിട്ടുണ്ട്. വികേന്ദ്രീകരണത്തിനുവേണ്ടി നിലനിൽക്കുന്ന സർക്കാരാണിതെന്ന് ഇതിനോടകംതന്നെ തെളിയിച്ചിട്ടുള്ളതാണ്. കോവിഡ് മഹാമാരിയെ ഫലപ്രദമായി നേരിടാൻ സർക്കാരിനെ സഹായിച്ചത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ജനകീയാസൂത്രണ പദ്ധതി കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ സർക്കാരിന്റെ എല്ലാ പിന്തുണയുമുണ്ട്. അതിദാരിദ്ര്യം ഇല്ലാതാക്കൽ, വാതിൽപ്പടി സേവനം, ലൈഫ് തുടങ്ങിയ പദ്ധതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശ്രദ്ധേയമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധ ക്ഷണിക്കൽ

### 1. <u>കേന്ദ്ര തൊഴിൽനിയമങ്ങൾ പ്രാബല്യത്തിലാക്കുന്നതിനെതിരെ നടപടി</u>

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: കേന്ദ്രസർക്കാർ കൊണ്ടുവന്ന നാല് തൊഴിൽ കോഡുകൾക്ക് 2022 ജൂലൈ മാസത്തിൽ നിയമപ്രാബല്യം നൽകുന്നതിനനുസൃതമായി തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് ചട്ടങ്ങൾ രൂപീകരിക്കണം. തൊഴിൽ കോഡുകളിലെ വ്യവസ്ഥകൾ അന്തർദ്ദേശീയ തൊഴിലാളി സംഘടനയുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധവും തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കുന്നതുമാണ്. തൊഴിൽ കോഡുകൾ നിലവിൽ വരുന്നതോടെ തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും മിനിമം വേതനം, ബോണസ് തുടങ്ങിയ ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് കേന്ദ്രസർക്കാർ കൊണ്ടുവന്ന നാല് തൊഴിൽ കോഡുകൾ പാർലമെന്റിൽ അവതരിപ്പിച്ച് രാഷ്ട്രപതിയുടെ അംഗീകാരത്തോടെ വിജ്ഞാപനം ചെയ്തെങ്കിലും നിയമപ്രാബല്യം ലഭിച്ചിട്ടില്ല. 2022 ജൂലൈ മാസത്തിൽ തൊഴിൽ കോഡുകൾ പ്രാബല്യത്തിൽവരുമെന്ന അറിയിപ്പ് കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

തൊഴിൽ കോഡുകളിന്മേൽ കേന്ദ്രനിർദ്ദേശപ്രകാരം തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുംവിധം കരട് ചട്ടങ്ങൾ തയ്യാറാക്കി വിജ്ഞാപനം ചെയ്തിട്ടുണ്ട്. കരട് ചട്ടങ്ങളിന്മേൽ ട്രേഡ് യൂണിയൻ/തൊഴിലുടമ സംഘടനകളിൽനിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. തൊഴിൽകോഡുകളിലെ ചില വ്യവസ്ഥകൾ അന്തർദ്ദേശീയ തൊഴിൽ സംഘടനയുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധവും തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ ലംഘിക്കുന്നതുമാകയാൽ അവ സമഗ്രമായി അപഗ്രഥിക്കുന്നതിന് തൊഴിൽ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കോഡുകളിലെ തൊഴിലാളി വിരുദ്ധ വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് ചട്ടങ്ങളിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതാണ്. തൊഴിൽ കോഡുകൾ രൂപീകൃതമായെങ്കിലും തൊഴിലാളികളുടെ മിനിമം വേതനം, ബോണസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## 2. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: ഭക്ഷണപദാർത്ഥങ്ങളിലെ മായംചേർക്കൽ തടയുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന് കാര്യമായ

ഇടപെടലുകൾ നടത്താൻ കഴിയുന്നില്ലെന്നത് ദൗർഭാഗ്യകരമാണ്. അങ്കണവാടികൾ മുഖേന വിതരണം ചെയ്യുന്ന പോഷകാഹാരങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനും ആവശ്യത്തിന് വാഹനങ്ങൾ ലഭ്യമാക്കുന്നതിനും ലാബുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അങ്കണവാടികൾ, വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ, ശബരിമലയിലെ പ്രസാദം എന്നിവ പരിശോധനാവിധേയമാക്കണമെന്ന സി.&എ.ജി. -യുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ഭക്ഷണപദാർത്ഥങ്ങളിൽ മായം കലർത്തുന്നവർക്കെതിരെയും വൃത്തിഹീനമായ സാഹചര്യങ്ങളിൽ ആഹാരം പാകം ചെയ്യുന്നവർക്കെതിരെയും വിളമ്പുന്നവർക്കെതിരെയും ഭക്ഷ്യസുരക്ഷാ വകുപ്പ് കർശന നടപടി സ്വീകരിക്കുന്നുണ്ട്. 2006-ലെ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, തട്ടുകടകൾ, ഭക്ഷ്യ ഉല്പാദനകേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ

പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കും ഭക്ഷ്യസംരംഭകർക്കും ഫുഡ് സേഫ്റ്റി ട്രെയിനിംഗ് സർട്ടിഫിക്കേഷൻ കോഴ്സുകൾ നടത്തിവരുന്നുണ്ട്. വിദ്യാർത്ഥികളിൽ ഭക്ഷ്യസുരക്ഷാവബോധം സൃഷ്ടിക്കുന്നതിന് 'സേഫ് ആൻഡ് ന്യൂട്രീഷ്യസ് ഫുഡ് അറ്റ് സ്കൂൾ' പദ്ധതിയും പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് 'സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമ പഞ്ചായത്ത് ' പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആറ് ജില്ലകളിൽ പുതിയ മൊബൈൽ ഭക്ഷ്യസുരക്ഷാ പരിശോധനാ ലാബുകൾ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരുവർഷക്കാലയളവിൽ സംസ്ഥാനത്തെ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവ കേന്ദ്രീകരിച്ച് 14385 പരിശോധനകൾ നടത്തുകയും ഗുരുതര വീഴ്ചകൾ കണ്ടെത്തിയ 355 സ്ഥാപനങ്ങൾക്ക് അടച്ചുപൂട്ടൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ജനകീയ പങ്കാളിത്തത്തോടെ 'നല്ല ഭക്ഷണം നാടിന്റെ അവകാശം' എന്ന ക്യാമ്പയിൻ ആരംഭിക്കുകയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓപ്പറേഷൻ മത്സ്യ, ഓപ്പറേഷൻ ജാഗ്രത തുടങ്ങിയ പ്രത്യേക പരിശോധനാ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. ശബരിമലയിൽ വിതരണം ചെയ്യുന്ന പ്രസാദം ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ പരിശോധന ശക്തമാക്കുന്നതിനും

പത്തനംതിട്ട ജില്ലയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ഭക്ഷ്യപരിശോധനാ ലാബ് ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചതോടൊപ്പം ഭക്ഷണശാലകളിൽ ടോൾഫ്രീ നമ്പർ, ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സർട്ടിഫിക്കറ്റ് എന്നിവ പ്രദർശിപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## III. ക്രമപ്രശ്നം

ചട്ടവിരുദ്ധമായി സബ്മിഷനുകൾ അനുവദിക്കുന്നതുസംബന്ധിച്ച്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സംസ്ഥാന സർക്കാരിന്റെ പ്രാഥമിക പരിഗണനയിൽപ്പെടാത്ത വിഷയത്തെക്കുറിച്ച് പരാമർശിക്കാൻ പാടില്ലെന്ന ചട്ടം നിലനിൽക്കെ പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയത്തെക്കുറിച്ച് സബ്മിഷൻ അനുവദിക്കുന്നത് ചട്ടവിരുദ്ധമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന കാര്യമാണ് സബ്മിഷനായി കൊണ്ടുവന്നിട്ടുള്ളത്. ഇത് കേന്ദ്രവിദേശകാര്യ വകുപ്പുമന്ത്രിയുടെ വെളിപ്പെടുത്തലിനെത്തുടർന്നുണ്ടായിരിക്കുന്ന കാര്യമാണ്.

മി. സ്പീക്കർ: സംസ്ഥാന സർക്കാരിന്റെ പ്രാഥമിക

പരിഗണനയിൽപ്പെടാത്തവ പരാമർശിക്കാൻ പാടില്ലാത്തതാണ്. ഒരിക്കൽ അനുവദിച്ചാൽ കീഴ്വഴക്കമായി മാറുന്ന സാഹചര്യമുണ്ടാകും. ഈ വിഷയം അടിയന്തരപ്രമേയത്തിലൂടെ വിശദമായി ചർച്ച ചെയ്തതിനാൽ അനുവദിക്കുന്നില്ല.

('നയതന്ത്ര ബാഗേജിലൂടെയുള്ള സ്വർണ്ണക്കടത്തിൽ സി.ബി.ഐ. അന്വേഷണം' എന്ന സബ്മിഷന് അവതരണാനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷമൊന്നടങ്കം സഭ വിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV. സബ്മിഷൻ

### (1) സർക്കാർ സ്കൂൾ ബസ്സുകളുടെ ആവർത്തന ചെലവ്

ശ്രീ. കെ. ആൻസലൻ: സ്കൂൾ ബസ്സുകളുടെ ഇന്ധനച്ചെലവ്, ഡ്രൈവർമാരുടെ വേതനം, മറ്റ് ആവർത്തനച്ചെലവുകൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): എം.പി.-യുടെ പ്രാദേശിക വികസന

ഫണ്ട്, എം.എൽ.എ.-യുടെ പ്രത്യേക വികസനഫണ്ട് എന്നിവയിലൂടെ സർക്കാർ സ്കൂളുകൾക്ക് വാങ്ങി നൽകിയ വാഹനങ്ങളുടെ ഇന്ധനച്ചെലവ്, ഡ്രൈവർമാരുടെ വേതനം, മറ്റ് ആവർത്തനച്ചെലവുകൾ എന്നിവ പി.ടി.എ. ആണ് വഹിക്കുന്നത്. സ്കൂൾ ബസ്സുകളുടെ ആവർത്തനച്ചെലവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽനിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകുകയാണെങ്കിൽ പി.ടി.എ.-യുടെ നേതൃത്വത്തിൽ ഫണ്ട് സമാഹരിക്കുന്ന രീതി ഇല്ലാതാകും. തദ്ദേശസ്വയംഭരണ സ്ഥാപനം ഈ ബാദ്ധ്യതകൂടി ഏറ്റെടുക്കേണ്ടി വരികയാണെങ്കിൽ നിലവിൽ ചെയ്തുവരുന്ന മറ്റ് ചുമതലകളുടെ നിർവ്വഹണത്തെയും ഗുണമേന്മയെയും ബാധിക്കുന്ന സാഹചര്യമുണ്ടാകും.

(2) തിരുവമ്പാടിയിലെ ഭൂവുടമകൾ നേരിടുന്ന പ്രയാസങ്ങൾ

ശ്രീ. ലിന്റോ ജോസഫ്: തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ഭൂവുടമകൾക്ക് ആവശ്യമായ റവന്യൂ രേഖകളും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതിയും നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): തിരുവമ്പാടിയിൽ റവന്യൂരേഖകളിൽ തോട്ടഭൂമിയെന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ

സാധിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂമിയുടെ തരംമാറ്റൽ നിരുത്സാഹപ്പെടുത്തുന്നതിനായി ഇത്തരം ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനോ വൈദ്യുതി കണക്ഷൻ എടുക്കുന്നതിനോ സർട്ടിഫിക്കറ്റുകൾ നൽകാൻ പാടില്ലെന്ന് ലാൻഡ് റവന്യൂ ബോർഡ് സെക്രട്ടറിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കക്കാട്, കുമരനെല്ലൂർ പ്രദേശങ്ങളിൽ റവന്യൂ അധികാരികൾ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകാത്തതുമായി ബന്ധപ്പെട്ട് വ്യാപകമായ പരാതികളുയർന്ന സാഹചര്യത്തിൽ സർട്ടിഫിക്കറ്റുകൾ/പെർമിറ്റുകൾ നൽകരുതെന്ന നിർദ്ദേശം പിൻവലിച്ചിട്ടുണ്ട്. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഇക്കാര്യം വിശദമായി പരിശോധിച്ച് ആവശ്യമായ സ്പഷ്ടീകരണം ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്. ഭൂപരിഷ്കരണ നിയമപ്രകാരം ഇളവ് അനുവദിച്ചിട്ടില്ലാത്ത ഭൂമി റവന്യൂരേഖകളിൽ തോട്ടമെന്ന് രേഖപ്പെടുത്തിയെന്ന കാരണത്താൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നുണ്ടെങ്കിൽ അക്കാര്യം പ്രത്യേകം പരിശോധിച്ച് നടപടി സ്വീകരിക്കും.

(3) <u>അഗതി കേന്ദ്രങ്ങളിലേയ്ക്കുള്ള സൗജന്യ ഭക്ഷ്യവസ്തുക്കൾ പുനഃസ്ഥാപിക്കൽ</u>

<u>ശ്രീ. പി. എസ്. സുപാൽ</u>: അഗതി കേന്ദ്രങ്ങളിലേയ്ക്ക് കേന്ദ്ര സർക്കാർ സൗജന്യനിരക്കിൽ നൽകിയിരുന്ന ഭക്ഷ്യവസ്തുക്കളുടെ വിതരണം

നിർത്തലാക്കിയതിനെതിരെ അടിയന്തര നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സാമൂഹ്യക്ഷേമ, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾക്കുകീഴിൽ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിലെയും ഹോസ്റ്റലുകളിലെയും ഓരോ അന്തേവാസിക്കും പ്രതിമാസം 10.5 കിലോഗ്രാം അരിയും 4.5 കിലോഗ്രാം ഗോതമ്പും യഥാക്രമം 5.65, 4.15 രൂപയ്ക്കാണ് കേന്ദ്ര സർക്കാർ നൽകിയിരുന്നത്. കേന്ദ്ര സർക്കാരിന്റെ 'ദർപ്പൺ' സോഫ്റ്റ്‌വെയർ വഴി നൽകിയിരുന്ന വെൽഫെയൽ പെർമിറ്റ് 2018-നുശേഷം അനുവദിച്ചിട്ടില്ല. ഈ വിഷയം പല തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും സാങ്കേതിക തടസ്സങ്ങൾമൂലമാണ് ഭക്ഷ്യധാന്യങ്ങൾ നൽകാൻ കഴിയാത്തതെന്ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്ക് ഈ കാലയളവിൽ 2837.885 മെട്രിക് ടൺ അരിയും 736.027 മെട്രിക് ടൺ ഗോതമ്പും വിതരണം ചെയ്യുകയും അതിലൂടെ സംസ്ഥാന സർക്കാരിന് 1 കോടി 65 ലക്ഷം രൂപയുടെ അധിക ബാദ്ധ്യതയുണ്ടാകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നതുവരെ ടൈഡ് ഓവർ വിഹിതമായി ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളിൽനിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ

നൽകുന്നതാണ്.

(4) മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രി

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സ്പെഷ്യലിസ്റ്റുകളെ നിയമിക്കുന്നതിനും ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും ഷൊർണ്ണൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയെ ഫീഡിംഗ് ഡിസ്പെൻസറിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രിയിൽ നിലവിൽ 110 കിടക്കകളാണുള്ളത്. പ്രസ്തുത ആശുപത്രിയിൽ സ്പെഷ്യാലിറ്റി ചികിത്സ കുറവായതിനാൽ ഷൊർണ്ണൂർ ഇ.എസ്.ഐ. ഡിസ്പെൻസറി പാലക്കാട് ഇ.എസ്.ഐ. ആശുപത്രിയുടെ ഫീഡിംഗ് ഡിസ്പെൻസറിയായി തുടരുന്നതാണ് അഭികാമ്യം. ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ശുദ്ധജലക്ഷാമം പരിഹരിക്കണമെന്ന ആവശ്യം ഇ.എസ്.ഐ. കോർപ്പറേഷന്റെ സജീവ പരിഗണനയിലാണ്. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനം സംബന്ധിച്ച് ചർച്ച

ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുന്നതാണ്.

(5) സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി

ശ്രീ. കെ. എം. സച്ചിൻദേവ്: ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വന്തമായി സ്ഥലമില്ലാത്ത സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് പദ്ധതി ആവിഷ്കരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സംസ്ഥാനത്ത് സ്വന്തമായി സ്ഥലമില്ലാത്തതോ സ്ഥലപരിമിതിയുള്ളതോ ആയ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് കിഫ്ബിയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നതും അർഹമായ സ്കൂളുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നതുമാണ്. കണ്ണൂർ ഗവ. യു.പി. സ്കൂൾ പ്രവർത്തിച്ചുവരുന്ന വാടകക്കെട്ടിടത്തിന് നടപ്പുവർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ പ്രസ്തുത സ്കൂളിലെ ക്ലാസ്സുകൾ ഫിറ്റ്നസ് ലഭ്യമായ മറ്റ് കെട്ടിടങ്ങളിലേയ്ക്ക് മാറ്റി ഷിഫ്റ്റ് സമ്പ്രദായത്തിൽ അദ്ധ്യയനം നടത്തിവരികയാണ്.

(6) പള്ളിമുക്ക്-ഇളമ്പള്ളൂർ മേൽപ്പാലം

ശ്രീ. പി. സി. വിഷ്ണുനാഥ്: പള്ളിമുക്ക്-ഇളമ്പള്ളൂർ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തി കുണ്ടറയിലെ ഗതാഗതക്കുരുക്ക്

പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കൊല്ലം-ചെങ്കോട്ട പാത നവീകരണവുമായി ബന്ധപ്പെട്ട കിഫ്ബി പ്രവൃത്തിയിലെ ഭാഗങ്ങൾ കുണ്ടറ-പള്ളിമുക്ക് മേൽപ്പാല നിർമ്മാണ പ്രവൃത്തിയുമായി ഓവർലാപ്പ് ചെയ്യുമെന്നതുകൊണ്ട് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിന് കൈമാറി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഇളമ്പള്ളൂർ മേൽപ്പാലം നിലവിൽ പരിഗണനയിലില്ല.

(7) തിരുവല്ല-മല്ലപ്പള്ളി റോഡ് റീ-ടാറിംഗ്

ശ്രീ. മാത്യു ടി. തോമസ്: തിരുവല്ല-മല്ലപ്പള്ളി റോഡ് റീ-ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ നവീകരണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളതും റോഡിന്റെ നിലവിലെ സാഹചര്യം പരിശോധിച്ച് ഗതാഗതയോഗ്യമാക്കാനുള്ള നടപടികളാലോചിക്കാനും കിഫ്ബിയുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാനും RICK എം.ഡി.-

ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(8) <u>തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡ്</u>

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡ് കിഫ്ബിയുടെ എഫ്.ഡി.ആർ. (ഫുൾ ഡെപ്ത് റെക്ലമേഷൻ) സാങ്കേതികവിദ്യ ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): കിഫ്ബി സാമ്പത്തികാനുമതി നൽകുകയും പ്രവൃത്തി ആരംഭിക്കാൻ കഴിയാതിരുന്നതുമായ റോഡുകൾ എഫ്.ഡി.ആർ. സാങ്കേതിവിദ്യ ഉപയോഗിച്ച് പുനർനിർമ്മിക്കാനുള്ള പദ്ധതികളാവിഷ്കരിച്ചിട്ടുണ്ട്. തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡ് എഫ്.ഡി.ആർ. സാങ്കേതികവിദ്യ ഉപയോഗിച്ച് പുനർനിർമ്മിക്കണമെന്ന് കിഫ്ബിയോട് ആവശ്യപ്പെട്ടിട്ടുള്ളതും ടി റോഡ് താൽക്കാലികമായി അറ്റകുറ്റപ്പണി നടത്താൻ തുക അനുവദിച്ചിട്ടുള്ളതുമാണ്.

(9) <u>പേപ്പതി-പാഴൂർ റോഡിന്റെ അലൈൻമെന്റും എക്സൈസ് കടവ് പാലത്തിന്റെ നിർമ്മാണവും</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: പിറവം-എറണാകുളം സംസ്ഥാന പാതയിലെ പേപ്പതി-പാഴൂർ റോഡിന്റെ വളവുകൾ നിവർത്തി പുതിയ അലൈമെന്റിൽ

റോഡ് നിർമ്മിക്കാനും എക്സൈസ് കടവ് പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പേപ്പതി-പാഴൂർ റോഡിന്റെ വളവുകൾ നിവർത്തി പുതിയ അലൈൻമെന്റിൽ റോഡ് നിർമ്മിക്കുന്ന പ്രവൃത്തിക്ക് ഡി.പി.ആർ. തയ്യാറാക്കാനും ഭരണാനുമതി ലഭ്യമാക്കാനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. സാമ്പത്തിക ലഭ്യത പരിശോധിച്ച് എക്സൈസ് കടവ് പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## V. റിപ്പോർട്ടുകളുടെ സമർപ്പണം

(1) VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ സമർപ്പിച്ചു.

(2) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ സമർപ്പിച്ചു.

## VI. ധനകാര്യം

### 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

(1375,75,79,000 രൂപ)

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം

(589,49,77,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXII – ക്ഷീരവികസനം

(144,37,79,000 രൂപ)

പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. ഡി. കെ. മുരളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ നിരാലംബർക്ക് നിർത്തലാക്കിയ ഭക്ഷ്യാനുകൂല്യം പുനഃസ്ഥാപിക്കുമെന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനം സ്വാഗതാർഹമാണ്. 'വിശപ്പ് രഹിത കേരളം' പദ്ധതിക്ക് രൂപം നൽകിയതും സൗജന്യ ഭക്ഷ്യധാന്യക്കിറ്റുകൾ വിതരണം ചെയ്തതും കാർഡ് തരം മാറ്റിക്കൊടുക്കാനും ഒരു ലക്ഷം മുൻഗണനാ കാർഡുകൾ നൽകിയതും അഭിനന്ദനാർഹമാണ്. സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് അനുവദിക്കുന്ന അരി റേഷൻകടകൾ വഴി വിതരണം ചെയ്യാനും ബ്ലോക്ക്/താലൂക്ക് തലത്തിൽ ശാസ്ത്രീയ രീതിയിലുള്ള ഗോഡൗണുകൾ ആരംഭിക്കാനും നടപടി

സ്വീകരിക്കണം. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് പാലുൽപ്പാദന രംഗത്തും രോഗനിർണ്ണയത്തിലും സ്വയംപര്യാപ്തത കൈവരിച്ചുവെന്നത് അഭിനന്ദനാർഹമാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മൃഗസംരക്ഷണ ക്ഷീര വികസന മേഖലയിലെ വിവിധ സാധ്യതകൾ പ്രയോജനപ്പെടുത്തി പദ്ധതികളാവിഷ്കരിക്കാനും കേന്ദ്ര ഫണ്ട് ലഭ്യമാക്കാനും സാധിക്കാത്തത് ഖേദകരമാണ്. ബ്ലോക്ക് അടിസ്ഥാനത്തിൽ വളർത്തുമൃഗങ്ങൾക്ക് രാത്രികാല ചികിത്സാ സൗകര്യം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കണം. കാലിത്തീറ്റ വില വർദ്ധനയ്ക്കനുസൃതമായി പാലിന്റെ വിലയിൽ മാറ്റംവരാത്തത് ഉല്പാദനച്ചെലവ് വർദ്ധിക്കാനും ക്ഷീരകർഷകരുടെ വരുമാനം കുറയാനും കാരണമായിട്ടുണ്ട്. പാലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിലും ക്ലസ്റ്റർ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കാനും ഇ-പോസ് മെഷീൻ ഉൾപ്പെടെയുള്ള സംവിധാനങ്ങളിലൂടെ റേഷൻകടകളെ ആധുനീകരിക്കാനും സർക്കാരിന്

സാധിച്ചിട്ടുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാനും വിലക്കയറ്റം നിയന്ത്രിക്കാനും തെരുവോരങ്ങളിൽ കഴിയുന്നവരുൾപ്പെടെയുള്ള അർഹരായവർക്ക് റേഷൻ കാർഡ് അനുവദിക്കാൻ സാധിച്ചതും പ്രശംസനീയമാണ്. നെല്ല് സംഭരണം ഊർജ്ജിതപ്പെടുത്തുകയും വിതരണ മേഖലയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13 ഇനം അവശ്യസാധനങ്ങൾക്ക് വില വർദ്ധിപ്പിച്ചിട്ടില്ലെന്നതും ശ്രദ്ധേയമാണ്. പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും പാലിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുമായി മലപ്പുറം ജില്ലയിലെ മൂർക്കനാട് പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി ക്ഷീരമേഖലയ്ക്ക് ഉണർവേകുന്നതാണ്. മൃഗഡോക്ടർമാർ കുറവുള്ള പ്രദേശങ്ങൾ കണ്ടെത്തി നിയമനം നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റേഷൻ കടയുടമകൾക്ക് കമ്മീഷൻ ഇനത്തിലുള്ള കുടിശ്ശിക ലഭ്യമാക്കാനും അവർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം. റേഷൻകടകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങളിൽ ഉപഭോക്താവിന് ആവശ്യമുള്ളവ മാത്രം തെരഞ്ഞെടുക്കുന്നതിന്

അവസരമൊരുക്കാനും അർഹമായവർക്കെല്ലാം ബി.പി.എൽ കാർഡ് അനുവദിക്കുന്നതിനും അഗതികൾക്കുള്ള റേഷൻ വിതരണം മുടക്കംകൂടാതെ നടത്തുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് ആവശ്യാനുസരണം മണ്ണെണ്ണ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിൽനിന്നും ഭക്ഷ്യവിഷബാധയേൽക്കുന്നത് ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തണം.

ശ്രീമതി ശാന്തകുമാരി കെ.: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിതരണ സമ്പ്രദായം ഫലപ്രദമായി നടപ്പാക്കുന്നതിൽ കേരളം രാജ്യത്തിന് മാതൃകയാണ്. സംസ്ഥാനത്തിന് ലഭിക്കേണ്ട ഭക്ഷ്യ/മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തുമ്പോഴും റേഷൻ സാധനങ്ങളുടെ വിലയിൽ വർദ്ധനവ് വരുത്താതെ കാര്യക്ഷമമായ വിതരണം ഉറപ്പാക്കാനും പൊതുവിപണിയിലെ വില നിയന്ത്രിക്കാനും ആദിവാസി മേഖലയിലുൾപ്പെടെ വാതിൽപ്പടി സേവനം ഉറപ്പാക്കാനും കഴിഞ്ഞത് ശ്ലാഘനീയമാണ്. ക്ഷീരമേഖലയെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തുന്നതിനും എ.ബി.സി പദ്ധതി പുനരാരംഭിക്കുന്നതിനും പേ വിഷബാധ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും തെരുവ് നായ്ക്കളുടെ പ്രജനനം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ജോബ് മൈക്കിൾ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തെരുവിലും പുറമ്പോക്കിലും താമസിക്കുന്ന റേഷൻ കാർഡുകൾ നൽകിയ നടപടിയും അർഹതപ്പെട്ടവർക്ക് സബ്സിഡി കാർഡുകൾ അനുവദിച്ച നടപടിയും ഭിന്നശേഷിക്കാർക്കും പാവപ്പെട്ടവർക്കും റേഷൻ സാധനങ്ങൾ നൽകുന്നതിനുള്ള ബാധ്യത സർക്കാർ ഏറ്റെടുക്കുമെന്ന പ്രസ്താവനയും സ്വാഗതാർഹമാണ്. നെൽകർഷകർക്ക് നൽകിവരുന്ന ഹാൻഡ്ലിംഗ് ചാർജ്ജ് പന്ത്രണ്ടര രൂപയിൽ നിന്നും നൂറ്റിയമ്പത് രൂപയായി ഉയർത്തുന്നതിനും നെല്ലിന്റെ തറവില വർദ്ധിപ്പിക്കുന്നതിനും വിളവെടുപ്പ് സമയത്ത് നെൽകർഷകരോട് കാണിക്കുന്ന അനീതി അവസാനിപ്പിക്കുന്നതിനും ന്യായ വിലയ്ക്ക് നെല്ല് ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. മമ്മിക്കുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട സർക്കാരിന്റെ പ്രവർത്തനം മാതൃകാപരമാണ്. വിലക്കയറ്റം പിടിച്ചുനിർത്താനും ക്ഷീരകർഷകരെ സഹായിക്കാനും നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കൃഷിഭൂമി തരംമാറ്റി കെട്ടിടം നിർമ്മിക്കാനായി അപേക്ഷിച്ചിട്ടുള്ള ക്ഷീരസംഘങ്ങൾക്ക് അനുവാദം

നൽകണം.

ശ്രീ. റോജി എം. ജോൺ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോൺവെന്റുകളിലും ആശ്രമങ്ങളിലും താമസിക്കുന്ന സന്ന്യസ്തർക്കുള്ള റേഷൻ വിഹിതം വെട്ടിക്കുറച്ചത് പുന:സ്ഥാപിക്കുന്നതിനും അവർക്ക് ക്ഷേമപെൻഷനുകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും സ്കൂളുകൾക്ക് നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. വി. അൻവർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗ്രാമങ്ങളിലും ആദിവാസി ഊരുകളിലുമുൾപ്പെടെ ഭക്ഷ്യവസ്തുക്കൾ യഥാസമയം എത്തിച്ച സർക്കാർ നടപടി അഭിനന്ദനാർഹമാണ്. ലോക കേരള സഭ ബഹിഷ്കരിച്ച പ്രതിപക്ഷ നടപടി അപലപനീയമാണ്.

ശ്രീ. ജി. സ്റ്റീഫൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അനാഥാലയങ്ങൾക്കും അഗതി മന്ദിരങ്ങൾക്കും കേന്ദ്ര സർക്കാർ നിഷേധിച്ച ഭക്ഷ്യധാന്യങ്ങൾ സംസ്ഥാന സർക്കാർ നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. അനർഹരെ ഒഴിവാക്കി അർഹതപ്പെട്ടവർക്ക് മുൻഗണനാകാർഡുകൾ നൽകിയതും ദരിദ്രരുടെ എണ്ണം കുറയ്ക്കാൻ കഴിഞ്ഞതും സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചതും ആദിവാസി ഊരുകളിലും

ലേബർ സെറ്റിൽമെന്റുകളിലും സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിക്കാനായതും ജനങ്ങളോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. അവശ്യസാധനങ്ങളുടെ വിലക്കയറ്റം ക്രമപ്പെടുത്തുന്നതിനും കെ-സ്റ്റോർ സംവിധാനം വഴി റേഷൻ കടകൾ സ്മാർട്ടാക്കുന്നതിനും പൊതുവിതരണ/അളവുതൂക്ക വകുപ്പുകളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും റേഷൻ കടകളിൽ മൊബൈൽ ആപ്പ് കൊണ്ടുവരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മൃഗസംരക്ഷണ/ക്ഷീര വികസന മേഖലയിൽ അത്യുല്പാദനശേഷിയുള്ള കന്നുകാലി ഇനങ്ങളെ കണ്ടെത്തി പാലുല്പാദനം വർദ്ധിപ്പിക്കാനായതും ക്ഷീര സംഘങ്ങൾ, വെറ്ററിനറി ആശുപത്രികൾ, ഡിസ്പെൻസറികൾ, വെറ്ററിനറി പോളി ക്ലിനിക്കുകൾ, ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, സഞ്ചരിക്കുന്ന മൃഗാശുപത്രികൾ, ക്ലിനിക്കൽ ലാബുകൾ തുടങ്ങിയവ അധികമായി ആരംഭിക്കാനായതും സർക്കാരിന്റെ നേട്ടങ്ങളാണ്. അരുവിക്കര മണ്ഡലത്തിലെ ചെറ്റച്ചലിലും വിതുരയിലും രണ്ട് ജേഴ്സി ഫാമുകൾ തുടങ്ങാനായതും റീ-ബിൽഡ് കേരള പദ്ധതിക്കായി 13.61 കോടി രൂപ അനുവദിച്ചതും മുട്ടക്കോഴി-ഇറച്ചിക്കോഴി ഉല്പാദനം വർദ്ധിപ്പിച്ചതും ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ യൂണിഫൈഡ്

സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്താനായതും വിവരസാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞതും പ്രശംസനീയമാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ് കാലത്ത് ഭക്ഷ്യകിറ്റ് വിതരണം, വാതിൽപ്പടി വിതരണം, റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം, പോർട്ടബിലിറ്റി എന്നിവ നടപ്പാക്കാനായതും തെരുവിലും പുറമ്പോക്കിലും താമസിക്കുന്നവർക്ക് റേഷൻ കാർഡുകൾ വിതരണം ചെയ്യാനായതും ഭിന്നലിംഗ വിഭാഗത്തിന് കാർഡുകൾ അനുവദിച്ചതും മാതൃകാപരമാണ്. ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ ഏർപ്പെടുത്താനായതും അനർഹരുടെ കാർഡ് സറണ്ടർ ചെയ്യിപ്പിക്കാനായതും ശ്രദ്ധേയമാണ്. പാൽപ്പൊടി നിർമ്മാണമുൾപ്പെടെയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്നതിന് അടിസ്ഥാന സൗകര്യമൊരുക്കാനായതും ആധുനിക ഡയറി ഫാമുകൾ തുടങ്ങാനായതും കാലിത്തീറ്റയുല്പാദനത്തിന് ശാസ്ത്രീയ നടപടികൾ സ്വീകരിക്കാനായതും ക്ഷീരകർഷകർക്ക് വികസനപദ്ധതികൾ നടപ്പാക്കുന്നതിനായി 5 ലക്ഷം രൂപ ധനസഹായം ലഭ്യമാക്കാനായതും സർക്കാരിന്റെ നേട്ടങ്ങളാണ്. മലപ്പുറം ജില്ലയിലെ മൂർക്കനാട് പാൽപ്പൊടി നിർമ്മാണ ഫാക്ടറിയും വയനാട് ജില്ലയിൽ കണ്ടൻസിംഗ് പ്ലാന്റും

ആരംഭിക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. എം. നൗഷാദ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ മുന്നോട്ടുപോകുന്ന ഒരു സർക്കാരാണിത്. എല്ലാവർക്കും റേഷൻ കാർഡ് നൽകിയതും ഏത് റേഷൻ കടയിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങാനുള്ള സംവിധാനം ഏർപ്പെടുത്തിയതും ആറുവർഷം മുമ്പുള്ള വിലയ്ക്കുതന്നെ പതിമൂന്നിനം നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതും ഇടതുപക്ഷ സർക്കാരിന്റെ നേട്ടങ്ങളാണ്. നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്ന തരത്തിൽ റേഷൻ കടകളെ കെ-സ്റ്റോറാക്കി മാറ്റാനുള്ള നടപടി ശ്ലാഘനീയമാണ്. ഗുണനിലവാരമുള്ള റേഷൻ സാധനങ്ങൾ ലഭ്യമാക്കുകയും ആക്ഷേപരഹിത റേഷനിംഗ് സംവിധാനം നടപ്പിലാക്കുകയും ചെയ്യുന്ന ഭക്ഷ്യവകുപ്പിന്റെ പ്രവർത്തനം അഭിനന്ദനീയമാണ്. ക്ഷീര-മൃഗസംരക്ഷണ മേഖലയിൽ വൻമുന്നേറ്റമാണുണ്ടായിരിക്കുന്നത്. കുടുംബശ്രീ യൂണിറ്റുകളുമായി ചേർന്ന് തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മാംസോല്പാദനത്തിനായി 56 കോടി രൂപ ചെലവിൽ ഏരൂരിൽ ഒരു ഹൈടെക് കേന്ദ്രവും എടവണ്ണയിൽ ആധുനിക ഹാച്ചറിയും ആരംഭിക്കുന്നതിനും മിൽമയെ ആനന്ദ് മാതൃകയിലാക്കുന്നതിനുമുള്ള

പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.

ശ്രീ. നജീബ് കാന്തപുരം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഉപഭോക്തൃസംസ്ഥാനമെന്ന നിലയിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനുള്ള അംഗീകൃത പരിശോധനാ സംവിധാനം ഏർപ്പെടുത്താൻ സർക്കാരിന് സാധിച്ചിട്ടില്ല. അങ്കണവാടികളിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സ് സുരക്ഷിതമല്ലെന്നും ശബരിമലയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യപരിശോധന ലബോറട്ടറിക്ക് എൻ.എ.ബി.എൽ. അംഗീകാരമില്ലെന്നുമുള്ള കണ്ടെത്തൽ അതീവഗൗരവമുള്ളതാണ്.

ശ്രീ. ജി. എസ്. ജയലാൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭക്ഷ്യഭദ്രത നിയമത്തിൽനിന്നും പിന്നോക്കം പോകുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും മരണനിരക്ക് കുറയ്ക്കുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പാക്കുന്നതിനും കഴിഞ്ഞതിലൂടെ കേരളം രാജ്യത്തിനുതന്നെ മാതൃകയായിരിക്കുകയാണ്. സമ്പൂർണ്ണ ദാരിദ്ര്യനിർമ്മാർജ്ജനം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളും വിലക്കയറ്റം തടയുന്നതിനുള്ള നടപടികളും ശ്ലാഘനീയമാണ്. പുതിയ വിൽപ്പനശാലകളും സഞ്ചരിക്കുന്ന റേഷൻ കടകളും ആരംഭിച്ചതോടൊപ്പം സപ്ലൈകോയെ ശക്തിപ്പെടുത്താനും സാധിച്ചിട്ടുണ്ട്. റേഷൻ കാർഡുകൾ

സ്മാർട്ട് കാർഡുകളാക്കുകയും ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയും അർഹരായവരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ശക്തമായ വിപണി ഇടപെടൽ നടത്തുകയും ചെയ്തത് അഭിനന്ദനാർഹമാണ്. മൃഗസംരക്ഷണ-ക്ഷീരവികസന മേഖലകളെ ശാക്തീകരിക്കുന്നതിനുള്ള നടപടികളും സബ്സിഡി പ്രഖ്യാപനവും ക്ഷീരകർഷകർക്ക് ആശ്വാസകരമാണ്. കാലിത്തീറ്റ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. ഡി. പ്രസേനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ട്രാൻസ്ജെൻഡർ വിഭാഗത്തിനുൾപ്പെടെ റേഷൻ കാർഡുകൾ വിതരണം ചെയ്തതും അർഹരായവർക്ക് മുൻഗണനാ റേഷൻ കാർഡുകൾ ലഭ്യമാക്കിയതും റേഷൻ കാർഡുകൾ സ്മാർട്ട് കാർഡുകളാക്കിയതും പതിമൂന്നിന നിത്യോപയോഗ സാധനങ്ങൾ വിലവർദ്ധിപ്പിക്കാതെ വിതരണം ചെയ്യാൻ കഴിഞ്ഞതും സർക്കാരിന്റെ നേട്ടങ്ങളാണ്. സഞ്ചരിക്കുന്ന റേഷൻ കടകളും പുതിയ വിൽപ്പനശാലകളും ആരംഭിച്ചത് പൊതുവിതരണ മേഖലയിൽ ആശ്വാസം പകരുന്ന നടപടികളാണ്. വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടലുകൾക്ക് 1200 കിലോഗ്രാം അരി സബ്സിഡിയിനത്തിൽ അനുവദിക്കാൻ നടപടിയുണ്ടാകണം.

മൃഗസംരക്ഷണ-ക്ഷീരവികസന മേഖലകൾ ശക്തിപ്പെടുത്താനും പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും കാലിത്തീറ്റ ഉൽപ്പാദനം വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. പശുപരിപാലനത്തിന് ആംബുലൻസ് സൗകര്യത്തോടെയുള്ള ആശുപത്രികൾ ആരംഭിക്കുമെന്നും കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പിക്കുമെന്നുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്.

ശ്രീ. സണ്ണി ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷികമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ക്ഷീരസംഘങ്ങളെ സഹായിക്കാൻ പദ്ധതികളാവിഷ്കരിക്കുകയും ക്ഷീരകർഷകർക്ക് കറഞ്ഞ പ്രീമിയത്തിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും വേണം. പാൽവില വർദ്ധിപ്പിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരമേഖലയെ ഉൾപ്പെടുത്തുന്നതിനും കാലിത്തീറ്റയ്ക്ക് സബ്സിഡി ലഭ്യമാക്കുന്നതിനും തീറ്റപ്പുൽകൃഷിക്ക് കൂടുതൽ തുക അനുവദിക്കുന്നതിനും മുൻകയ്യെടുക്കണം. മൃഗസംരക്ഷണ വകുപ്പിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുന്നതിനും മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും കെ.എൽ.ഡി. ബോർഡ് കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം. ജനാധിപത്യവിരുദ്ധ

പ്രവർത്തനങ്ങളിലൂടെ ക്ഷീരസംഘങ്ങളുടെ ഭരണം കയ്യടക്കാനുള്ള സർക്കാർ നീക്കം അവസാനിപ്പിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): ധനാഭ്യർത്ഥന ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളെയും വിമർശനങ്ങളെയും സ്വാഗതം ചെയ്യുന്നു. ഫലപ്രദമായ വിപണി ഇടപെടലിലൂടെ വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. സപ്ലൈകോയിലെ പായ്ക്കിംഗ് ജോലികൾ റെയ്ഡ്കോയ്ക്ക് കൈമാറിയെന്നുള്ള വാർത്ത തെറ്റിദ്ധാരണാജനകമാണ്. സപ്ലൈകോ ജീവനക്കാരുടെ ജോലി നഷ്ടപ്പെടുന്ന നിലപാട് സ്വീകരിച്ചിട്ടില്ല. റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള നടപടികൾ സുതാര്യമാക്കുകയും കെട്ടിക്കിടന്ന അപേക്ഷകൾ തീർപ്പാക്കുകയും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 229680 പുതിയ റേഷൻ കാർഡുകൾ അനുവദിക്കുകയും രണ്ട് ഘട്ടങ്ങളിലായി 254239 മുൻഗണനാ കാർഡുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായി 47 സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്. 2016 മുതൽ 13 ഇനം നിത്യോപയോഗ സാധനങ്ങൾ വിലവർദ്ധിപ്പിക്കാതെ വിതരണം ചെയ്യാനും ഉത്സവച്ചന്തകൾ സംഘടിപ്പിക്കാനും സഞ്ചരിക്കുന്ന

മാവേലിസ്റ്റോറുകൾ ആരംഭിക്കാനും നടപടി സ്വീകരിച്ചു. നെല്ല് സംഭരണം 7.45 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 10 ജില്ലകളിലെ 119 ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. എഫ്.സി.ഐ.-യുമായും കേന്ദ്ര സർക്കാരുമായും ചർച്ച നടത്തി സംസ്ഥാനത്തിനാവശ്യമായ അരി വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. മണ്ണെണ്ണ സബ്സിഡി നിർത്തലാക്കിയത് മത്സ്യമേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി)</u>: ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ ത്വരിതഗതിയിൽ വികസിച്ചുവരുന്നതും ഏറെ പ്രാധാന്യമുള്ളതുമായ ജീവനോപാധി മേഖലകളാണ് മൃഗസംരക്ഷണവും ക്ഷീരവികസനവും. പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ശാസ്ത്രീയമായ ഫാമുകൾ ആരംഭിക്കുന്നതിന് കരട് മാർഗ്ഗരേഖ സമർപ്പിക്കാൻ മൃഗസംരക്ഷണവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. യുവാക്കളെ മൃഗസംരക്ഷണ-ക്ഷീരപരിപാലന മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ആധുനിക

സംവിധാനങ്ങളോടുകൂടിയ ഡയറി പാർക്കുകളും ശാസ്ത്രീയ കിടാരി ഫാമും ആരംഭിക്കാൻ ലക്ഷ്യമിടുന്നുണ്ട്. മൃഗങ്ങൾക്ക് റേഡിയോ ഫ്രീക്വൻസി തിരിച്ചറിയൽ സംവിധാനം ഏർപ്പെടുത്തുന്ന 'ഇ-സംവൃത' പദ്ധതി പത്തനംതിട്ട ജില്ലയിൽ ആരംഭിക്കുന്നതാണ്. 24 മണിക്കൂറും വെറ്ററിനറി ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുകയും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വെറ്ററിനറി ആംബുലൻസ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിക്കുകയും ആദ്യഘട്ടമെന്ന നിലയിൽ 29 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആംബുലൻസുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ടെലി വെറ്ററിനറി യൂണിറ്റുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതാണ്. പശുവളർത്തലിൽ തൽപ്പരരായ വനിതകൾക്ക് 90 ശതമാനം സബ്സിഡിയോടുകൂടി ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഗുണമേന്മയുള്ള കോഴിയിറച്ചി മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്ത്രീ സംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് 'കേരള ചിക്കൻ' പദ്ധതി ആവിഷ്കരിച്ചതോടൊപ്പം മികച്ചയിനം കോഴി, ആട്, പന്നി എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 50 ശതമാനംവരെ മൂലധന സബ്സിഡി കേന്ദ്ര കന്നുകാലി മിഷനിലൂടെ സ്വകാര്യ സംരംഭകർക്ക്

നൽകുകയും ചെയ്യുന്നതാണ്. കൊല്ലം ജില്ലയിലെ ഏരൂരിൽ കട്‌ലറ്റ്, സോസേജ് തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റും കോട്ടുകാലിൽ അത്യാധുനിക ഇറച്ചിക്കോഴി സംസ്കരണ ശാലയും സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. അയൽ സംസ്ഥാനങ്ങളിൽനിന്നും കശാപ്പിനായി കൊണ്ടുവരുന്ന മൃഗങ്ങൾക്ക് വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. മുട്ട ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ വനിതാ മിത്രം 6 മുതൽ 9-ാം സ്റ്റാൻഡേർഡ് വരെയുള്ള കുട്ടികൾക്ക് 5 കോഴിയും തീറ്റയും നൽകുന്ന പദ്ധതി, ബ്ലോക്ക് പഞ്ചായത്തുകളിൽ ജെ.എൽ.ജി. ഗ്രൂപ്പുകൾ രൂപീകരിച്ച് സ്ത്രീകൾക്ക് 100 കോഴികളും കൂടും നൽകുന്ന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. വെറ്ററിനറി സർവ്വകലാശാലയുടെ പൂക്കോട് കാമ്പസ് മികവിന്റെ കേന്ദ്രമാക്കുന്നതിനായി 30 കോടി രൂപ  വകയിരുത്തിയിട്ടുണ്ട്. ക്ഷീര പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന 21.19 ലക്ഷം ലിറ്റർ പാൽ ദിനംപ്രതി സംഭരിച്ചുവരുന്നു.   നടപ്പുസാമ്പത്തിക വർഷം 2231 ഹെക്ടർ സ്ഥലത്തുകൂടി തീറ്റപ്പുൽകൃഷി പദ്ധതി വ്യാപിപ്പിക്കുന്നതിനും കാലിത്തീറ്റ ധനസഹായം, കന്നുകുട്ടി ദത്തെടുക്കൽ, ധാതുലവണ മിശ്രിതം, വിറ്റാമിൻ സപ്ലിമെന്റ് എന്നിവ വിതരണം ചെയ്യൽ, ക്ഷീരസംഘങ്ങൾ മുഖേന

സബ്സിഡി നിരക്കിൽ പച്ചപ്പുൽ/വയ്ക്കോൽ വിതരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു. ഫാം യന്ത്രവൽക്കരണത്തിനും ആധുനികവൽക്കരണത്തിനുമായുള്ള ബാങ്ക് വായ്പകളിന്മേൽ പലിശ പൂർണ്ണമായും ധനസഹായമായി അനുവദിക്കുന്നതാണ്. കിസാൻ ക്രെഡിറ്റ് കാർഡ് വായ്പ 4 ശതമാനം പലിശയ്ക്ക് നൽകുന്നതും അതത് മാസം പലിശ മാത്രം അടയ്ക്കാനുള്ള സൗകര്യമൊരുക്കുന്നതുമാണ്. പാൽസംഭരണം ആധുനികവൽക്കരിക്കാനും അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുമായി യൂണിഫൈഡ് സോഫ്റ്റ്‌വെയർ പദ്ധതി, കുറഞ്ഞ ചെലവിൽ മാലിന്യ സംസ്കരണം, ഹൈജീനിക് മിൽക്ക് കളക്ഷൻ പദ്ധതി തുടങ്ങിയവ നടപ്പിലാക്കുന്നതാണ്. ക്ഷീരഗ്രാമം പദ്ധതി വ്യാപിപ്പിക്കുന്നതും വിമൻ കാറ്റിൽ കെയർ ഡയറി പ്രൊമോട്ടർമാർ, ഫോഡർ പ്രൊമോട്ടർമാർ എന്നിവർക്ക് വേതനം വർദ്ധിപ്പിച്ച് സേവന കാലാവധി ദീർഘിപ്പിക്കുന്നതുമാണ്. കുട്ടനാട്ടിൽ എലവേറ്റഡ് ക്യാറ്റിൽ ഷെഡ് നിർമ്മിച്ചിട്ടുള്ളതും ചമ്പക്കുളത്ത് അതിനായി തുക വകയിരുത്തിയിട്ടുള്ളതുമാണ്. പക്ഷിപ്പനി പ്രതിരോധം ശക്തമാക്കിയിട്ടുള്ളതും കോഴി/താറാവ് നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുള്ളതുമാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന്

അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ ശബ്ദവോട്ടോടുകൂടി പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VIII. അറിയിപ്പ്

മി. സ്പീക്കർ: 'ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ' എന്ന ആശയം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സാമാജികർക്ക് പരിചയപ്പെടുത്തുന്ന പരിപാടി ഇന്ന് വൈകുന്നേരം 6.00 മണിക്ക് ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയിൽ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

(സഭ ഉച്ചയ്ക്കുശേഷം 3.44-ന് പിരിഞ്ഞു.)

******